പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 254 | 19-06-2018 ലെ മറുപടിക്ക്

**കാർഷിക ഇനങ്ങൾക്ക് ഭൗമ സൂചികാ പദവി നേടിയെടുക്കുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ കാരാട്ട് റസാഖ്<br>,, ബി.ഡി.ദേവസ്സി<br>,, വി.അബ്ദുറഹിമാൻ<br>,, കെ.കുഞ്ഞിരാമൻ | ശ്രീ. വി.എസ്. സുനിൽകുമാർ<br>കൃഷിവകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്തെ കൂടുതൽ തനത് കാർഷിക ഇനങ്ങൾക്ക് ഭൗമ സൂചികാ പദവി നേടിയെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;: | (എ) ഉണ്ട് ; കാർഷിക ഉൽപ്പന്നങ്ങൾക്ക് ഭൗമ സൂചികാ രജിസ്ട്രേഷൻ എടുക്കാനുള്ള നടപടികൾ കേരള കാർഷിക സർവകലാശാലയിലെ ബൗദ്ധിക സ്വത്തവകാശ സെൽ നടത്തിവരുന്നു. |
| (ബി) എങ്കിൽ ഏതെല്ലാം ഇനങ്ങളെയാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) മറയൂർ ശർക്കര, കുറ്റിയാട്ടൂർ മാങ്ങ,ഓണാട്ടുകര എള്ള്, അട്ടപ്പാടി തുവര, ആട്ടുകൊമ്പ് അവര കൊടുങ്ങല്ലൂർ പൊട്ടുവെള്ളരി, വട്ടവട കാന്തല്ലൂർ വെളുത്തുള്ളി, തിരൂർ വെറ്റില, എടയൂർ മുളക് എന്നീ ഉൽപ്പന്നങ്ങൾക്ക് ഭൗമസൂചികാ പദവി നേടിയെടുക്കുന്നതിനുള്ള ശ്രമങ്ങൾ പുരോഗമിക്കുന്നു. കൂടുതൽ കാർഷിക ഉൽപ്പന്നങ്ങളെ ഈ പട്ടികയിലേക്ക് ചേർക്കുവാൻ കൃഷിവകുപ്പും കാർഷിക സർവകലാശാലയും ശ്രമിച്ചുവരുന്നു. |

| | |
|---|---|
| (സി) നിലവിൽ സംസ്ഥാനത്തെ ഏതെല്ലാം കാർഷിക ഇനങ്ങൾക്കാണ് ഭൗമ സൂചികാ പദവി ലഭിച്ചിട്ടുള്ളത്; | (സി) 1. നവര അരി<br>2. പാലക്കാടൻ മട്ട അരി<br>3. മലബാർ കുരുമുളക്<br>4. ആലപ്പുഴ പച്ച ഏലക്കായ<br>5. പൊക്കാളി അരി<br>6. ആലപ്പുഴ കയർ<br>7. തഴപ്പായ ഉൽപ്പന്നങ്ങൾ<br>8. വാഴക്കുളം കൈതച്ചക്ക<br>9. മദ്ധ്യതിരുവിതാംകൂർ ശർക്കര<br>10. വയനാട് ജീരകശാല അരി<br>11. വയനാട് ഗന്ധകശാല അരി<br>12. കൈപ്പാട് അരി<br>13. ചെങ്ങാലിക്കോടൻ നേന്ത്രൻ<br>14. നിലമ്പൂർ തേക്ക് |
| (ഡി) കാർഷിക ഇനങ്ങൾക്ക് ഭൗമ സൂചികാ പദവി ലഭിക്കുന്നത് മൂലമുള്ള പ്രയോജനങ്ങൾ എന്തൊക്കെയാണെന്നും ഇവയ്ക്ക് അന്താരാഷ്ട്ര വിപണിയിൽ വിൽപ്പന സാദ്ധ്യത വർധിപ്പിക്കുന്നതിന് ഇത് എപ്രകാരം സഹായകരമാകുമെന്നും വ്യക്തമാക്കാമോ? | (ഡി) കാർഷിക ഇനങ്ങൾക്ക് ഭൗമ സൂചികാ പദവി ലഭിക്കുന്നത് മൂലമുള്ള പ്രയോജനങ്ങൾ താഴെപ്പറയുന്നവയാണ്.<br>• പ്രാദേശിക കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങളുടെ മേലുള്ള അവകാശങ്ങൾ സംരക്ഷിക്കുക.<br>• ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണി കണ്ടെത്തുക<br>• ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിലയും വിപണി മൂല്യവും നേടിയെടുക്കുക.<br>ആഭ്യന്തര, വിദേശ വിപണികളിൽ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനും തന്മൂലം കൂടുതൽ വരുമാനം കണ്ടെത്തുന്നതിനും ബൗദ്ധിക സ്വത്തവകാശത്തിലെ സാധ്യത ഉപയോഗിക്കാം. ബൗദ്ധിക സ്വത്തവകാശ നിയമ പ്രകാരം ഭൗമ സൂചികയായി രജിസ്റ്റർ ചെയ്യപ്പെട്ടാൽ അവയ്ക്ക് വാണിജ്യപരമായി ദുരുപയോഗം ചെയ്യുന്നതിൽ നിന്നും നിയമപരമായി പരിരക്ഷ കിട്ടും. |

അണ്ടർസെക്രട്ടറി